## 57/2019-M

Maximum : 100 marks

Time : 1 hour and 15 minutes

1. നമ്മുടെ ദേശീയഗാനം ആലപിക്കാൻ വേണ്ട സമയം :
   - (A) 50 സെക്കന്റ്
   - (B) 51 സെക്കന്റ്
   - (C) 52 സെക്കന്റ്
   - (D) 49 സെക്കന്റ്

2. ആരാച്ചാർ എന്ന മലയാള നോവൽ രചിച്ചത് ആര്?
   - (A) കെ.ആർ. മീര
   - (B) ഇറോം ശർമ്മിള
   - (C) സുഗതകുമാരി
   - (D) നീൽ സേത്തി

3. ഇന്ത്യയിലെ ആദ്യത്തെ ഇ-പഞ്ചായത്ത് സംസ്ഥാനമാണ് :
   - (A) മഹാരാഷ്ട്ര
   - (B) ആസ്സാം
   - (C) മേഘാലയ
   - (D) പഞ്ചാബ്

4. മണ്ണിനടിയിൽ ഫലം ഉൽപാദിപ്പിക്കുന്ന സസ്യം ഏതാണ്?
   - (A) കരിമ്പ്
   - (B) പയർ
   - (C) നിലക്കടല
   - (D) കാരറ്റ്

5. അന്തർ ഗ്രഹങ്ങളിൽ ഏറ്റവും വലുത് ഏത്?
   - (A) ഭൂമി
   - (B) ശുക്രൻ
   - (C) ബുധൻ
   - (D) വ്യാഴം

6. ഗാന്ധിജിയുടെ അമ്മയുടെ പേര് :
   - (A) കസ്തൂർബ
   - (B) പുത്‌ലിഭായി
   - (C) ജീജഭായി
   - (D) രമാഭായി

7. സ്വതന്ത്ര ഇന്ത്യയിലെ ഇന്ത്യക്കാരനായ ആദ്യത്തെയും അവസാനത്തെയുമായ ഗവർണ്ണർ ജനറൽ :
   - (A) ജവഹർലാൽ നെഹ്റു
   - (B) സർദാർ വല്ലഭായ് പട്ടേൽ
   - (C) മൗലാന അബ്ദുൾ കലാം ആസാദ്
   - (D) സി. രാജഗോപാലാചാരി

8. വഞ്ചിപ്പാട്ടുരീതിയിൽ ആശാൻ രചിച്ച കാവ്യമാണ് :
   - (A) നളിനി
   - (B) കരുണ
   - (C) പ്രരോദനം
   - (D) ലീല

9. ജൂതമതത്തിന്റെ ആരാധനാലയം ഏതു പേരിൽ അറിയപ്പെടുന്നു?

(A) ക്ഷേത്രം (B) പള്ളി
(C) മോസ്ക്ക് (D) സിനഗോഗ്

10. ഏറ്റവുമധികം എഡിഷനുള്ള ഇന്ത്യൻ ദിനപത്രം :

(A) ഇന്ത്യൻ എക്സ്പ്രസ്സ് (B) ദി ഹിന്ദു
(C) മാതൃഭൂമി (D) മലയാള മനോരമ

11. ചെറായി കടപ്പുറം ഏതു ജില്ലയിലാണ്?

(A) വയനാട് (B) എറണാകുളം
(C) തൃശ്ശൂർ (D) കോട്ടയം

12. നോബൽ സമ്മാനം നേടിയ ആദ്യ ഇന്ത്യക്കാരൻ :

(A) ചന്ദ്രശേഖർ (B) ആംഗസ് ഡീറ്റൺ
(C) സതോഷി ഒമുറ (D) രവീന്ദ്രനാഥ ടാഗോർ

13. വാസ്കോഡഗാമ കോഴിക്കോട് എത്തിയ വർഷം :

(A) 1503 (B) 1499
(C) 1498 (D) 1595

14. ഇന്ത്യയിൽ പടിഞ്ഞാറോട്ടൊഴുകുന്ന ഏറ്റവും വലിയ നദി :

(A) കാവേരി (B) ഗോദാവരി
(C) കൃഷ്ണ (D) നർമ്മദ

15. കേരളത്തിൽ ഏറ്റവും കൂടുതൽ റെയിൽവേ സ്റ്റേഷനുകൾ സ്ഥിതിചെയ്യുന്ന ജില്ല :

(A) വയനാട് (B) തിരുവനന്തപുരം
(C) ഇടുക്കി (D) കൊല്ലം

16. 2016 ഏപ്രിൽ 5 ന് സമ്പൂർണ്ണ മദ്യനിരോധനം നിലവിൽ വന്ന ഇന്ത്യൻ സംസ്ഥാനം :

(A) ബീഹാർ (B) നാഗാലാന്റ്
(C) ഹരിയാന (D) ഗുജറാത്ത്

17. രാത്രി സമയത്ത് സസ്യങ്ങൾ ഏതു വാതകമാണ് പുറത്ത് വിടുന്നത്?

(A) ഓക്സിജൻ (B) നൈട്രജൻ
(C) കാർബൺ (D) കാർബൺ ഡൈ ഓക്സൈഡ്

18. കംപ്യൂട്ടറിന്റെ മസ്തിഷ്കം എന്നറിയപ്പെടുന്നത് :

(A) ഇൻപുട്ട് യൂണിറ്റ്
(B) മെമ്മറി യൂണിറ്റ്
(C) സി.പി.യു.
(D) ഹാർഡ് വെയർ

19. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന പ്രശസ്ത നാടകം രചിച്ചതാരാണ്?

(A) വി.ടി. ഭട്ടതിരിപ്പാട്
(B) ഇ.എം.എസ്.
(C) പ്രേംജി
(D) കാക്കനാടൻ

20. 'ശിലാഹൃദയം' എന്ന ശൈലിയുടെ അർത്ഥം :

(A) കല്ലു കൊണ്ടുള്ള ഹൃദയം
(B) ദുർബ്ബല മനസ്സ്
(C) കടുത്ത മനസ്സ്
(D) ശിലാഹൃദയം

21. കൂട്ടത്തിൽ പെടാത്തത് ഏത്?

(A) ലോറി
(B) പക്ഷി
(C) വിമാനം
(D) പാരച്യൂട്ട്

22. കേരളത്തിലെ ആദ്യ കയർ ഗ്രാമം :

(A) അരൂർ
(B) വയലാർ
(C) പുനലൂർ
(D) വാളയാർ

23. ഏതു വന്യമൃഗ സങ്കേതമാണ് പെരിയാർ വന്യമൃഗ സംരക്ഷണ കേന്ദ്രമായി മാറിയത് :

(A) ചിന്നാർ
(B) പറമ്പികുളം
(C) തേക്കടി
(D) നെല്ലിയാമ്പതി

24. ഇന്ത്യ ആദ്യമായി ക്രിക്കറ്റിൽ ലോകകപ്പ് നേടിയ വർഷം :

(A) 1973
(B) 1983
(C) 1991
(D) 2011

25. അന്താരാഷ്ട്ര അദ്ധ്യാപക ദിനം :

(A) നവംബർ 5
(B) സെപ്തംബർ 10
(C) നവംബർ 10
(D) സെപ്തംബർ 5

26. ഇന്ത്യയുടെ 29-ാമത് സംസ്ഥാനം :

(A) ചത്തീസ്ഗണ്ഡ്
(B) ഒഡീഷ
(C) തെലുങ്കാന
(D) ജാർഖണ്ഡ്

**27.** യങ് ഇന്ത്യ ഏതു ഭാഷയിലാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്?

(A) ഇംഗ്ലീഷ് (B) ഹിന്ദി

(C) ഗുജറാത്തി (D) മറാത്തി

**28.** ബാങ്കുകളുടെ ബാങ്ക് ഏത്?

(A) വാണിജ്യ ബാങ്ക് (B) റിസർവ്വ് ബാങ്ക്

(C) ഗ്രാമീണ ബാങ്ക് (D) പിന്നോക്ക വികസന ബാങ്ക്

**29.** കേരള ഹൈക്കോടതിയുടെ ആസ്ഥാനം :

(A) തൃശ്ശൂർ (B) ആലപ്പുഴ

(C) എറണാകുളം (D) കോട്ടയം

**30.** ഇന്ത്യയിലെ രണ്ടു സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ല :

(A) വയനാട് (B) പത്തനംതിട്ട

(C) കണ്ണൂർ (D) കാസർഗോഡ്

**31.** വിട്ടുപോയ ഭാഗത്ത് വരുന്ന സംഖ്യ ഏത്?

8, 11, 14, ———, 20, 23

(A) 15 (B) 17

(C) 16 (D) 18

**32.** 105 + 32 — 9 എത്ര?

(A) 128 (B) 474

(C) 122 (D) 146

**33.** 5325 ൽ 3-ന്റെ സ്ഥാനവില :

(A) 3 (B) 30

(C) 300 (D) 3000

**34.** 3944 – 256 എത്ര?

(A) 1424 (B) 3688

(C) 3712 (D) 3698

**35.** $8 \times 3 + 5 - 2$ എത്ര?

(A) 62 (B) 66

(C) 48 (D) 27

36. $12 \times 3 \times 2 \times 1 \times 0$ എത്ര?

(A) 72
(B) 0
(C) 30
(D) 38

37. ഏറ്റവും വലിയ രണ്ടക്കസംഖ്യയും ഏറ്റവും ചെറിയ രണ്ടക്കസംഖ്യയും തമ്മിൽ ഗുണിച്ചാൽ എത്ര?

(A) 909
(B) 990
(C) 9900
(D) 99

38. രാമു 10 രൂപ വിലയുള്ള 3 പേനയും 3 രൂപ വിലയുള്ള 2 പെൻസിലും വാങ്ങി. ആകെ എത്ര രൂപ ആയി?

(A) 36
(B) 63
(C) 12
(D) 18

39. $7 \times 6 + 3 \times 2$ എത്ര?

(A) 18
(B) 40
(C) 48
(D) 126

40. വിട്ടുപോയ ഭാഗത്ത് വരുന്ന സംഖ്യ ഏത്? [3, 6, 12, ——, 48]

(A) 24
(B) 15
(C) 40
(D) 26

41. കൂട്ടത്തിൽ പെടാത്ത സംഖ്യ ഏത്? [113, 114, 115, 117]

(A) 114
(B) 113
(C) 117
(D) 115

42. 5 മീറ്റർ തുണിക്ക് 540 രൂപ ആയാൽ ഒരു മീറ്റർ തുണിക്ക് എത്ര രൂപ?

(A) 18
(B) 118
(C) 1008
(D) 108

43. ജോണി രാത്രി 9 മണിക്ക് ഉറങ്ങാൻ കിടന്നു. രാവിലെ 5 മണിക്ക് എഴുന്നേറ്റു. അയാൾ ആകെ എത്ര മണിക്കൂർ ഉറങ്ങി?

(A) 4
(B) 8
(C) 9
(D) 14

44. അപ്പു 9835 രൂപ വിലയുള്ള ഒരു മൊബൈലും, 7336 രൂപ വിലയുള്ള ഒരു ക്യാമറയും, 3425 രൂപ വിലയുള്ള ഒരു റേഡിയോയും വാങ്ങി. എന്നാൽ അപ്പുവിന്റെ കൈയ്യിൽ നിന്നും ആകെ എത്ര രൂപ ചിലവായി?

(A) 19,596
(B) 19,586
(C) 20,596
(D) 20,586

45. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക : [9000, 8000, 7000, ———, 5000]

(A) 7000 (B) 8000
(C) 6000 (D) 5000

46. ഏറ്റവും ചെറിയ എണ്ണൽ സംഖ്യ ഏത്?

(A) 0 (B) 1
(C) 10 (D) 101

47. ഒരു പേനയ്ക്ക് 12 രൂപ ആയാൽ 6 പേനയ്ക്ക് എത്ര രൂപ?

(A) 18 (B) 72
(C) 60 (D) 68

48. രാജു 3,250 രൂപ വിലയുള്ള ഒരു സൈക്കിൾ വാങ്ങി. കൈവശം ഉണ്ടായിരുന്ന 4,000 രൂപ കൊടുത്തു. ബാക്കി എത്ര രൂപ തിരികെ കിട്ടിക്കാണും?

(A) 650 (B) 850
(C) 750 (D) 950

49. രമണി ഒരു കടയിൽ നിന്നും സാധനങ്ങൾ വാങ്ങിയിട്ട്, നൽകിയത് ഒരു രണ്ടായിരം രൂപയുടെയും 4 അഞ്ഞൂറു രൂപയുടെയും 3 നൂറുരൂപയുടെയും 5 പത്തു രൂപയുടെയും നോട്ടുകളാണ്. അവർക്ക് കടയിൽ എത്ര രൂപയാണ് ചിലവായത്?

(A) 4530 (B) 4035
(C) 4350 (D) 4305

50. വിട്ടുപോയ ഭാഗത്ത് വരുന്ന സംഖ്യ ഏത്?

200, 100, ———, 25

(A) 50 (B) 75
(C) 55 (D) 40

51. വൈദ്യുതിയുടെ പിതാവ് എന്നറിയപ്പെടുന്ന ശാസ്ത്രജ്ഞൻ :

(A) മൈക്കിൾ ഫാരഡെ (B) എഡിസൺ
(C) ചാൾസ് ബാബേജ് (D) ന്യൂട്ടൻ

52. ഇന്ത്യയിൽ ഗാർഹിക വിതരണത്തിനുപയോഗിക്കുന്ന വൈദ്യുതി എത്ര വോൾട്ടാണ്?

(A) 130 V (B) 230 V
(C) 420 V (D) 280 V

53. വൈദ്യുതോർജ്ജം ലാഭിക്കുവാൻ ഏറ്റവും അനുയോജ്യമായത് ഏതാണ്?

(A) ഫിലമെന്റ് ലാമ്പ് (B) LED
(C) CFL (D) ഫ്ലൂറസന്റ് ലാമ്പ്

54. വൈദ്യുത പ്രേഷണത്തിൽ വോൾട്ടേജ് ഉയർത്താനും താഴ്ത്താനും ഉപയോഗിക്കുന്ന ഉപകരണം :
(A) ജനറേറ്റർ (B) ഫ്യൂസ്
(C) ട്രാൻസ്ഫോർമർ (D) ആംപ്ലിഫയർ

55. പവർ സ്റ്റേഷനിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി എത്ര വോൾട്ടാണ്?
(A) 11 V (B) 230 V
(C) 110 kV (D) 11 kV

56. ബൾബ് കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ :
(A) ഗ്രഹാംബെൽ (B) ജയിംസ് പ്രസ്കോട്ട് ജൂൾ
(C) ഐൻസ്റ്റീൻ (D) എഡിസൺ

57. താഴെ കൊടുത്തിരിക്കുന്നവയിൽ ജലവൈദ്യുത നിലയമേത്?
(A) രാമഗുണ്ടം (B) കോട്ട
(C) മൂലമറ്റം (D) നെയ്‌വേലി

58. വിതരണ ട്രാൻസ്ഫോർമറിലേക്ക് എത്ര ലൈനുകൾ എത്തുന്നു?
(A) 5 (B) 7
(C) 3 (D) 4

59. ന്യൂട്രൽ ഏത് പൊട്ടൻഷ്യലിലാണ്?
(A) 0 V (B) 10 V
(C) 230 V (D) 11 V

60. കായംകുളം ഏത് തരം വൈദ്യുതനിലയമാണ്?
(A) ജലവൈദ്യുത നിലയം (B) താപവൈദ്യുത നിലയം
(C) ആണവ വൈദ്യുത നിലയം (D) സൗരോർജ്ജ വൈദ്യുത നിലയം

61. ഫേസും ന്യൂട്രലും തമ്മിലുള്ള പൊട്ടൻഷ്യൽ വ്യത്യാസം :
(A) 23 V (B) 400 V
(C) 100 V (D) 230 V

62. വിതരണ ട്രാൻസ്ഫോർമറിൽ നിന്നും പുറത്തേക്കു വരുന്ന ലൈനുകളുടെ എണ്ണം :
(A) 3 (B) 4
(C) 5 (D) 6

63. മെയിൻസിലെ രണ്ട് വയറുകൾ തമ്മിൽ സമ്പർക്കത്തിൽ വരുന്നത് ———— എന്ന പേരിലറിയപ്പെടുന്നു.
(A) ഷോർട്ട് സർക്കീട്ട് (B) ഓവർ ലോഡിങ്ങ്
(C) പവർ കട്ട് (D) ഇതൊന്നുമല്ല

64. വൈദ്യുതോർജ്ജം അളക്കാനുള്ള ഉപകരണം :

(A) അമ്മീറ്റർ
(B) wh മീറ്റർ
(C) ഗാൽവനോമീറ്റർ
(D) വോൾട്ട് മീറ്റർ

65. മീറ്റർ ഏത് ലൈനിലാണ് ഘടിപ്പിക്കേണ്ടത്?

(A) ഫേസ്
(B) ന്യൂട്രൽ
(C) എർത്ത്
(D) ഇതൊന്നുമല്ല

66. വൈദ്യുത പ്രവാഹതീവ്രതയുടെ യൂണിറ്റ് :

(A) വോൾട്ട്
(B) ഓം
(C) മീറ്റർ
(D) ആമ്പിയർ

67. യാന്ത്രികോർജ്ജത്തെ വൈദ്യുതോർജ്ജമാക്കുന്ന സംവിധാനമേത്?

(A) ജനറേറ്റർ
(B) ലൗഡ് സ്പീക്കർ
(C) മോട്ടോർ
(D) ഫാൻ

68. വൈദ്യുത പ്രവാഹ തീവ്രത അളക്കാനുപയോഗിക്കുന്നത് :

(A) റിയോസ്റ്റാറ്റ്
(B) ഗാൽവനോമീറ്റർ
(C) വോൾട്ട് മീറ്റർ
(D) അമ്മീറ്റർ

69. വൈദ്യുതിയുടെ വ്യവസായിക യൂണിറ്റ് :

(A) wh
(B) വോൾട്ട്
(C) ഓം
(D) kwh

70. ലൈവ് വയറിനെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന നിറം :

(A) ചുവപ്പ്
(B) നീല
(C) പച്ച
(D) കറുപ്പ്

71. ത്രീപിൻ പ്ലഗിലെ വലിയ പിൻ ഏതു ലൈനുമായിട്ടാണ് സമ്പർക്കത്തിൽ വരുന്നത്?

(A) ഫേസ്
(B) എർത്ത്
(C) ന്യൂട്രൽ
(D) ഇതൊന്നുമല്ല

72. താപവൈദ്യുതനിലയത്തിൽ ഉപയോഗിക്കാത്ത ഇന്ധനം :

(A) കൽക്കരി
(B) നാഫ്ത്ത
(C) ലിഗ്നൈറ്റ്
(D) ബയോഗ്യാസ്

73. ഭൂമിയിലെ എല്ലാ ഊർജ്ജത്തിന്റെയും അടിസ്ഥാനം :

(A) ചന്ദ്രൻ
(B) വ്യാഴം
(C) ചൊവ്വ
(D) സൂര്യൻ

74. പവറിന്റെ യൂണിറ്റ് :

(A) ഓം
(B) ജൂൾ
(C) വാട്ട്
(D) കിലോഗ്രാം

75. പരിസ്ഥിതിക്ക് ദോഷം ഉണ്ടാക്കുന്ന ഏത് പദാർത്ഥമാണ് CFL ൽ ഉള്ളത്?

(A) ടിൻ
(B) ചെമ്പ്
(C) ഈയം
(D) മെർക്കുറി

76. ബൾബിന്റെ ഫിലമെന്റ് ഉണ്ടാക്കാൻ ഉപയോഗിക്കുന്നത് :

(A) ടങ്സ്റ്റൺ
(B) ചെമ്പ്
(C) ഇരുമ്പ്
(D) അലുമിനിയം

77. വൈദ്യുതോർജ്ജത്തെ പ്രകാശ ഊർജ്ജമാക്കുന്നത് :

(A) ഫാൻ
(B) ഹീറ്റർ
(C) ഇൻവർട്ടർ
(D) ബൾബ്

78. ഹീറ്റിങ്ങ് കോയിൽ നിർമ്മിക്കാൻ ഉപയോഗിക്കുന്നത് :

(A) ചെമ്പ്
(B) നിക്രോം
(C) വെള്ളി
(D) അലുമിനിയം

79. ഫ്യൂസ് വയർ വൈദ്യുതിയുടെ ഏത് ഫലത്തിലാണ് പ്രവർത്തിക്കുന്നത് :

(A) താപഫലം
(B) പ്രകാശഫലം
(C) കാന്തികഫലം
(D) രാസഫലം

80. വൈദ്യുതോർജ്ജത്തെ യാന്ത്രികോർജ്ജമാക്കുന്ന ഉപകരണം :

(A) ബൾബ്
(B) ഹീറ്റർ
(C) മോട്ടോർ
(D) ഇസ്തിരിപ്പെട്ടി

81. ഫ്യൂസ് വയറായി ഉപയോഗിക്കുന്നത് ഏതാണ്?
(A) ചെമ്പ്
(B) അലുമിനിയം
(C) ചെമ്പും ലെഡും
(D) ടിന്നും ലെഡും

82. എർത്ത് ചെയ്യുന്ന കമ്പിയുടെ ഗേജ് നമ്പർ :
(A) 20
(B) 10
(C) 5
(D) 14

83. ഫ്യൂസിനു പകരം ഉപയോഗിക്കുന്ന സംവിധാനം :
(A) CCB
(B) MCB
(C) MCP
(D) ഇതൊന്നുമല്ല

84. എത്ര ആമ്പിയറിൽ കൂടുതൽ വൈദ്യുതി കടന്നു പോകുമ്പോഴാണ് മനുഷ്യർക്ക് ഷോക്കേൽക്കുന്നത്?
(A) 1 മില്ലി ആമ്പിയർ
(B) 2 മില്ലി ആമ്പിയർ
(C) 4 മില്ലി ആമ്പിയർ
(D) 5 മില്ലി ആമ്പിയർ

85. വൈദ്യുതാഘാതമേൽക്കുമ്പോൾ ശരീരത്തിന്റെ താപനില :
(A) കൂടുന്നു
(B) കുറയുന്നു
(C) മാറ്റമില്ല
(D) ഇതൊന്നുമല്ല

86. താഴെ പറയുന്നവയിൽ വൈദ്യുതി കടത്തിവിടുന്ന പദാർത്ഥമേത്?
(A) അലുമിനിയം
(B) തെർമോക്കോൾ
(C) റബ്ബർ
(D) പ്ലാസ്റ്റിക്

87. ചില ഫീഡറുകൾ നിശ്ചിതസമയം ഓഫാക്കി ലഭിക്കുന്ന വൈദ്യുതി മറ്റ് സ്ഥലങ്ങളിലേക്ക് വിതരണം ചെയ്യുന്നതാണ് :
(A) പവർ കട്ട്
(B) ലോഡ് ഷെഡ്ഡിങ്ങ്
(C) ഓവർ ലോഡ്
(D) ഇതൊന്നുമല്ല

88. താഴെ പറയുന്നതിൽ ഏതാണ് വിദ്യുത്രോധി?
(A) റബ്ബർ
(B) ചെമ്പ്
(C) സ്വർണ്ണം
(D) വെള്ളി

89. പാരമ്പര്യേതര ഊർജ്ജസ്രോതസ്സിൽ പെടാത്തത് ഏത്?

(A) കാറ്റ്
(B) സൗരോർജ്ജം
(C) ബയോഗ്യാസ്
(D) പെട്രോളിയം

90. വയറിംഗിലും വൈദ്യുത ഉപകരണങ്ങളിലും ഉണ്ടായേക്കാവുന്ന ചോർച്ച മൂലം ഉള്ള അപകടം ഒഴിവാക്കാൻ സഹായിക്കുന്നത് :

(A) ELCB
(B) MCB
(C) ഫ്യൂസ്
(D) എർത്ത്

91. സൗരോർജ്ജത്തെ വൈദ്യുതോർജ്ജമാക്കുന്ന സംവിധാനം :

(A) ഫാൻ
(B) സോളാർ കുക്കർ
(C) സോളാർ പാനൽ
(D) ബൾബ്

92. ഗാർഹികമേഖലയിൽ വൈദ്യുത അപകടങ്ങൾക്ക് പ്രധാന കാരണമായി വരുന്നത് :

(A) ഇരുമ്പ് തോട്ടിയുടെ ഉപയോഗം
(B) കേബിൾ ടി.വി.
(C) വൈദ്യുത ചോർച്ച
(D) അനധികൃതമായ നിർമ്മാണം

93. വൈദ്യുതി മൂലം തീപിടിച്ചാൽ ചെയ്യേണ്ടത് :

(A) ഡ്രൈകെമിക്കൽ പൗഡർ അഗ്നിശമനികൾ മാത്രം ഉപയോഗിക്കുക
(B) മെയിൻ സ്വിച്ച് ഓഫാക്കുക
(C) വെള്ളം ഉപയോഗിക്കുക
(D) ഈ മാർഗ്ഗങ്ങളെല്ലാം പ്രയോഗിക്കുക.

94. വൈദ്യുതാഘാതമേറ്റ ഒരാൾക്ക് നൽകേണ്ട പ്രഥമ ശുശ്രൂഷയാണ് :

(A) അയാളെ പിടിച്ച് എഴുന്നേൽപ്പിക്കുക
(B) അയാളുടെ ശരീരത്തിൽ വെള്ളം ഒഴിക്കുക
(C) സ്വിച്ച് ഓൺ ചെയ്യുക
(D) മെയിൻ സ്വിച്ച് ഓഫ് ചെയ്തശേഷം കൃത്രിമ ശ്വാസോച്ഛ്വാസം നൽകുക

95. എത്ര ആമ്പിയർ വൈദ്യുതി മനുഷ്യശരീരത്തിൽക്കൂടി കടന്നു പോകുമ്പോഴാണ് ഹൃദയാഘാതം ഉണ്ടാകുന്നത് :

(A) 50 mA – 200 mA
(B) 1 mA – 25 mA
(C) 5 mA - 10 mA
(D) 25 – 30 mA

96. താഴെ പറയുന്നതിൽ ഏതാണ് ശരിയായ രീതി :

(A) വൈദ്യുതലൈനുകൾക്ക് അടിയിൽ കെട്ടിടം പണിയുക
(B) എർത്തിംഗ് സംവിധാനം വിച്ഛേദിക്കുക
(C) ഫ്യൂസ് വയറിനുപകരം ചെമ്പ് കമ്പി ഉപയോഗിക്കാതിരിക്കുക
(D) കമ്പിവേലിയിൽ വൈദ്യുതി പ്രവഹിക്കുക

97. ഒരു സർക്കീട്ടിൽ താങ്ങാവുന്നതിലധികം പവർ ഉള്ള ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതാണ് :

(A) ലോഡ് ഷെഡ്ഡിങ്ങ്
(B) ഷോർട്ട് സർക്കീട്ട്
(C) പവർ കട്ട്
(D) ഓവർ ലോഡിങ്ങ്

98. പച്ച നിറമുള്ള വയർ ഏത് ലൈനിനെ പ്രതിനിധീകരിക്കുന്നു?

(A) ഫേസ്
(B) എർത്ത്
(C) ന്യൂട്രൽ
(D) ഇതൊന്നുമല്ല

99. ഫ്യൂസ് ഏത് ലൈനിലാണ് ഘടിപ്പിക്കേണ്ടത്?

(A) എർത്ത്
(B) ഫേസ്
(C) ന്യൂട്രൽ
(D) ഇതൊന്നുമല്ല

100. താഴെ പറയുന്നവയിൽ ഏതിലാണ് വൈദ്യുതോർജ്ജം താപോർജ്ജമായി നഷ്ടപ്പെടുന്നത്?

(A) CFL
(B) ഫ്ലൂറസെന്റ് ലാമ്പ്
(C) ഫിലമെന്റ് ലാമ്പ്
(D) LED

SPACE FOR ROUGH WORK

**SPACE FOR ROUGH WORK**